# വെളിപാട്പുസ്തകം ഒരു പഠനം - ഭാഗം 3



Pr. M.V. Simon B.Th, M.Div, M.A 'M.Th'

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".

## 3. പെർഗ്ഗമോസ് (വെളി.2:12...17)

പെർഗ്ഗമോസ് പുരാതന ഏഷ്യൻ രാജ്യത്തിന്റെ തലസ്ഥാനം ആയിരിന്നു. സ്മുർന്ന പട്ടണത്തിന് 50 മൈൽ വടക്കായി ഒരു ഉയർന്ന കുന്നിൽ ഈ സ്ഥലം സ്ഥാപിക്കപ്പെട്ടു. ഇത് ഒരു മത കേന്ദ്രം ആയിരിന്നു. അഥീന, എസ്കുലാപിയൂസ്, ഡയോനിഷസ് സൂയസ് എന്നീ ദേവൻമാരുടെ ആരാധനകൾ ഇവിടെ പ്രമുഖമായിരിന്നു. പ്രത്യേകിച്ച് എസ്കുലാപിയൂസിന്റെ ക്ഷേത്രം എടുത്തു പറയേണ്ടുന്ന ഒന്നാണ്. പ്രസ്തുത ദേവന്റെ വിഗ്രഹം ഒരു പാമ്പിന്റെ രൂപത്തിലാണ്. ഇവയെല്ലാം മുൻ നിർത്തിയാണ് ഈ സ്ഥലം സാത്താന്റെ സിംഹാസനം എന്നു പറയപ്പെടുന്നത്(വെളി.2:13). പെർഗ്ഗമോസ് എന്ന വാക്കിന്റെ അർത്ഥം 'ഉയർച്ച'എന്നതാണ്.

അതി കഠിനമായ പീഡയിൽ സഭ തകർന്നില്ല. അന്തിപ്പാസ് പെർഗ്ഗമോസ് സഭയുടെ ശുശ്രൂഷകൻ ആയിരിന്നുവെന്നു കരുതപ്പെടുന്നു. ശരീര ദണ്ഡനങ്ങൾ കൊണ്ട് സഭയെ ഒതുക്കുവാൻ കഴിയില്ലെന്ന് സാത്താന് മനസ്സിലായി. യഥാർത്ഥ ഭക്തൻ യാതൊരു പ്രലോഭനങ്ങൾക്കും വഴങ്ങുകയില്ല. ഉദാഃ(ദാനി.3:17,18). അതുകൊണ്ട് സഭയെ ലോകത്തോട് ചേർത്തു ബന്ധിപ്പിക്കാൻ സാത്താൻ തീരുമാനിച്ചു. എ.ഡി.313 മുതൽ എ.ഡി 606 വരെയുള്ള കാലഘട്ടം സഭയുടെ അവസ്ഥ ഇതു തന്നെയായിരിന്നു. എ.ഡി.312 ൽ മിലാൻ നഗരത്തിൽവച്ച് കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്തിയാനിയായി. ചക്രവർത്തി ക്രിസ്തിയാനിയായപ്പോൾ രാജ പ്രീതിക്കായി മനഃപരിവർത്തനമില്ലാതെ പ്രജകൾ പലരും നാമധേയ ക്രിസ്തിയാനി കളായി.എ.ഡി.325 ൽ കൂടിയ നിഖ്യാ സുന്നഹദോസ് ആരാധന രീതി മാറ്റി (എബ്രാ.10:24). സഭായോഗം പള്ളി മതമായി. സ്ഥാന വസ്ത്രം, പട്ടു കുപ്പായം തുടങ്ങിയവ സഭയിൽ കൊണ്ടു വന്നു. ആകാശ രാജ്ഞിയുടെ (ഡയാന) ജന്മ ദിനം എന്നു പറയപ്പെടുന്ന ഡിസംബർ 25 യേശുവിന്റെ ജന്മ ദിനമാക്കിത്തീർത്തു. ഈസ്റ്റർ സൺഡേ എന്നാൽ യേശു ക്രിസ്തുവിന്റെ പുനഃരുത്ഥാന ദിനമെന്നാണ് ചിലർ ധരിച്ചിരിക്കുന്നത്. അത് ശരിയല്ല. ബാബിലോണ്യ ദേവിയായ അസ്തരേത്തിന്റെ ഉത്സവം ക്രൈസ്തവൽക്കരിച്ചതാണ് ഈസ്റ്റർ. എന്നു പറഞ്ഞാൽ നക്ഷത്രം എന്നാണർത്ഥം. പുനഃരുത്ഥാനം എന്നല്ല. ചില വേദ ഭാഗങ്ങൾ പരിശോധിക്കുക (ന്യായാ.2:13,10:6; 1ശമൂ.7:3,31:10, 1രാജാ.11:33, 2രാജാ.23:13).

ദൈവ സഭയുടെ സ്റ്റാൻഡേർഡ് രണ്ട് ഉപാധികളിലാണ് നില കൊള്ളുന്നത്. ഒന്ന് ഉപദേശം(അപ്പോ.2:37...42) രണ്ട് ജീവിതം(റോമ.6:4,12:1,2;2കൊരി.5:17).
ദൈവ ജനം എപ്പോഴും വിശുദ്ധ ജനം ആയിരിക്കണം(ആവർ.7:6;എസ്രാ.9:1,2; സങ്കീ.1:1,2; 2കൊരി.6:16,17). സഭക്കെതിരെ രണ്ടു തെറ്റായ ഉപദേശങ്ങൾ സാത്താൻ തൊടുത്തു വിട്ടു.

### 1. ബിലെയാമിന്റെ ഉപദേശം

ഇവിടെ ബിലെയാമിന്റെ പരാമർശം സംഖ്യാ.22 മുതൽ 25 വരെ മുൻ നിർത്തിയാണ്. മോവാബ് രാജാവ് ബാലാക്ക് അധികം കൂലി വാഗ്ദാനം ചെയ്തു യിസ്രായേലിനെ ശപിക്കുവാൻ ബിലെയാമിനെ വിളിച്ചു. മൂന്നു പ്രാവശ്യം യിസ്രായേലിനെ ശപിക്കുവാൻ ബിലെയാം ശ്രമിച്ചെങ്കിലും ദൈവം അത് തടഞ്ഞു പകരം അനുഗ്രഹ വാക്കുകൾ ദൈവം ബിലെയാമിന്റെ നാവിൽക്കൊടുത്തു. കാര്യങ്ങൾ പാളിയത് തിരിച്ചറിഞ്ഞ ബിലെയാം യിസ്രായേലിനെ ദുർന്നടപ്പിലേക്ക് തള്ളി

വിട്ടു അത് വിജയിക്കുകയും ചെയ്തു. മിസ്ര വിവാഹം ജനത്തിന്റെ നടുവിൽ പ്രോൽസാഹിപ്പിക്കപ്പെട്ടു (സംഖ്യാ.25:13; 31:16). അതുപോലെ പെർഗ്ഗമോസ് സഭ ലോകത്തോട് ഇണയില്ലാപിണ കൂടി.

2. നിക്കൊലാവ്യരുടെ ഉപദേശം.

പെർഗ്ഗമോസ് സഭ യുടെ മറ്റൊരു ദോഷം അവർ നിക്കൊലാവ്യരുടെ ഉപദേശം പിടിച്ചു എന്നതാണ്. നിക്കെ എന്നാൽ കീഴ്പ്പെടുത്തുക ലാവോസ് എന്നാൽ ജനം. ദൈവ സഭയിൽ നില നിൽക്കേണ്ടത് കീഴ്പ്പെടുത്തിയുള്ള ഭരണം അല്ല പരിപാലനമാണ് 1തിമ.3:5; 1കൊരി.12:28 ഇവ നോക്കുക. എഫെസോസ് സഭ പകെച്ചത് പെർഗ്ഗമോസ് സഭ ഉപദേശമാക്കി (വെളി.2:6).

പെർഗ്ഗമോസ് സഭക്ക് രണ്ടു പ്രതിഫലങ്ങളാണ് വാഗ്ദത്വം ചെയ്യപ്പെട്ടിരിക്കുന്നത് മറഞ്ഞിരിക്കുന്ന മന്ന വെള്ളക്കല്ലും ആ കല്ലിൻമേൽ കൊത്തിയിരിക്കുന്ന പുതിയപേരും. യിസ്രായേൽ മക്കൾക്ക് 40 വർഷം യഹോവ ഭക്ഷിപ്പാൻ കൊടുത്ത ആഹാരമാകുന്നു മന്ന. എന്നാൽ പുതിയ നിയമ സഭക്ക് ദൈവം കൊടുത്തിരിക്കുന്ന മന്ന ജീവന്റെ അപ്പമാകുന്ന ക്രിസ്തുവത്രെ. എങ്കിലും ഭാവിയിൽ ജയിക്കുന്നവന് മറഞ്ഞിരിക്കുന്ന മന്ന ലഭിക്കും. വെള്ളക്കല്ലിനെക്കുറിച്ച് പല അഭിപ്രായങ്ങളുണ്ട്.

1. പുരാതന കാലഘട്ടങ്ങളിൽകുറ്റവാളിയായി പിടിക്കപ്പെട്ടവനെ ന്യായാധിപൻ വിസ്തരിച്ച് നീതിമാനായി തെളിഞ്ഞാൽ അതിന്റെ തെളിവിനായി വെള്ളക്കല്ല് കൊടുത്തിരിന്നു. ദൈവം നീതികരിച്ചവന്റെ അവകാശമാണ് വെള്ളക്കല്ല്.

2. യുദ്ധത്തിൽ ജയിച്ചു മടങ്ങി വരുന്ന പടയാളിക്ക് വെള്ളക്കല്ല് കൊടുത്തിരിന്നു. ദുരുപദേശത്തോട് പോരാടി ജയിച്ചാൽ നമുക്കും വെള്ളക്കല്ല് ലഭിക്കും.

3. ചില പട്ടണങ്ങളിൽ സ്വതന്ത്ര പൗരത്വത്തിന്റെ അടയാളമായി വെള്ളക്കല്ല് കൊ ടുത്തിരിന്നു . സഭക്കെതിയെുള്ള ദോഷങ്ങളിൽ നിന്ന് ഒഴിഞ്ഞിരുന്നാൽ കർ ത്താവ് നമുക്കും വെള്ളക്കല്ല് തരും "അവകാശമെന്ന പ്രതിഫലം കർത്താവ് ത രും എന്നറിഞ്ഞ് കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ"(കൊലോ.3:24).

4. രണ്ടു സ്നേഹിതർ തമ്മിൽ പിരിയുമ്പോൾ വെള്ളക്കല്ല് പൊട്ടിച്ച് പരസ്പരം പേ ര് അതിൽ എഴുതി ഓർമ്മക്കായി കൈമാറ്റം ചെയ്യും. കാന്തനായ കർത്താവ് ന മ്മെ വിശ്വസിച്ചതുകൊണ്ട് നമുക്കും വെള്ളക്കല്ല് ലഭിക്കും (സദൃ.31:11).

പുതിയപേര്

പുതിയപേരുകൾ ഒരോവ്യക്തികളുടേയും ഗുണ വിശേഷങ്ങൾക്കൊത്ത രീതിയിൽ കർത്താവ് നൽകും. ലോകം തരുന്ന പേര് നമ്മെ നൊമ്പരപ്പെടുത്തിയേക്കാം എന്നാൽ കർത്താവ് നൽകുന്ന പേര് ആശ്വാസത്തിന്റെയും അനുഗ്രഹത്തിന്റെയും ആയിരിക്കും. അത് പുതിയതും വേറൊന്നും ആയിരിക്കും. ഈ വേദ ഭാഗങ്ങൾ വായിക്കുക (യെശ.62:2, 65:15; വെളി.2:17).

"ആത്മാവ് സഭകളോട് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ" ഈ പ്രസ്താവന അവനവനു ദൈവം കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തെ കാണിക്കുന്നു.***

4. തുയഥൈര സഭ(വെളി.2:18...29)

തുയഥൈര പട്ടണം ഒരു വ്യവസായ കേന്ദ്രം ആയിരിന്നു. കമ്പിളി ഉടുപ്പുകളുടെ നിർമ്മാണം വിശേഷപ്പെട്ട പിച്ചള പണികൾ ഒക്കെ ഇവിടെ നടത്തിയിരിന്നു. ലുദിയ തുയഥൈര പട്ടണക്കാരിയും രക്താംബരം വിൽക്കുന്നവളുമായിരിന്നു (അപ്പോ.16:11...15). പെർഗ്ഗമോസിനു തെക്കു കിഴക്ക് 40 മൈൽ അകലെ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ പട്ടണമായിരിന്നു. അലക്സാണ്ടർ ചക്രവർത്തി ഒരു മക്കദോന്യ കോളനിയായി സ്ഥാപിച്ചിരിന്ന പട്ടണമായിരിന്നു ഇത്.